**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് - സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്

സൂചന ശ്രീമതി.റസിയബീഗം ധ/ഠ ബദറുദ്ദീൻ, കാളംതോണിക്കളം, പാറ, എലപ്പുള്ളി എന്നവർ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 30-01-2024**

മേൽ സൂചന (1) പ്രകാരം ശ്രീമതി. റസിയബീഗം ധ/ഠ ബദറുദ്ദീൻ, കാളംതോണിക്കളം, പാറ, എലപ്പുള്ളി എന്നവർ നവകേരളസദസ്സ് മുഖേന എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനമ്പർ ലഭിച്ചില്ലെന്ന പരാതി പരിഗണിച്ചു.

എലപ്പുള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം അപേക്ഷകയ്ക്ക് എലപ്പുള്ളി 1 വില്ലേജിലെ ബ്ലോക്ക് 43 റീസർവ്വേ നമ്പർ 326/31 പരിവർത്തന അനുമതി ലഭിച്ച 0.0303 ഹെക്ടർ ഭൂമിയിൽ 165.41 $m^2$ പാർപ്പിട ആവശ്യത്തിനായി നിർമ്മാണം നടത്തുന്നതിന് 28.10.2020 തീയതി എ4-7273/2020 നമ്പറായി അനുമതി നേടിയിരുന്നു.ആയത് പൂർത്തീകരണത്തിനായി 26.06.2023 തീയതി 400835/BABC06/GPO/2023/5371 നമ്പരായി പൂർത്തീകരണത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ സാങ്കേതിക വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിൽ ഫ്രണ്ട് യാർഡ്, സൈഡ് 2 എന്നിവ മിനിമം അകലം പാലിക്കുന്നില്ല എന്ന് റിപ്പോർട്ട് ചെയ്യുകയും ഈ ന്യൂനത അപേക്ഷയെ 06.07.2023 തീയതി അറിയിക്കുകയും ചെയ്തിട്ടുണ്ട്.മുൻവശത്ത് കുറഞ്ഞ അകലം 1.8 മീ ആവശ്യമുള്ളിടത്ത് 1.52 മീറ്ററും, സൈഡ് 2 ൽ 1 മീറ്റർ ആവശ്യമുള്ളിടത്ത് 0.5 മീറ്റർ മാത്രമേ ലഭ്യമാവുന്നുള്ളൂ. സൈഡ് 2 തൊട്ടടുത്ത പ്ലോട്ട് ഉടമയുടെ സമ്മതപത്രം സ്വീകരിച്ച് പരിഹരിക്കാമെങ്കിലും ഫ്രണ്ട് യാർഡ് ലഭ്യമാവുന്നില്ല. അപേക്ഷയുടെ അടുത്തുകിടക്കുന്ന സ്ഥലം മകളുടെ പേരിലാണ് എങ്കിലും പ്രസ്തുത സ്ഥലം നിലം വിഭാഗത്തിൽ ഉൾപ്പെട്ടതാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അല്ലാത്ത പക്ഷം സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന് പ്രത്യേകം ചട്ടം പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതു പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അത് ചട്ട പ്രകാരം പരിഗണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, പാലക്കാട്

പകർപ്പ് : ശ്രീമതി. റസിയബീഗം ധ/ഠ ബദറുദ്ദീൻ, കാളംതോണിക്കളം, പാറ, എലപ്പുള്ളി